ബ്രീഫ്കെയ്സുകൾക്കും വാനിറ്റി ബാഗുകൾക്കും 10 ശതമാനം നിരക്കിലാണ് നികുതി ചുമത്തുന്നത്. എന്നാൽ 50 രൂപയിൽക്കൂടുതൽ വിലയുള്ള സാധനങ്ങളുടെ വില താഴ്ത്തിക്കാണിച്ച് നികുതി ഒഴിവാക്കുന്നതിന് ഇത് ഇടയാക്കുന്നു. അതുകൊണ്ട് വിലയുടെ അടിസ്ഥാനത്തിലുള്ള ഈ തരംതിരിവ് അവസാനിപ്പിച്ച് ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സാധനങ്ങളെയും 10 ശതമാനം നികുതിക്കു വിധേയമാക്കുന്നതാണ്.

ഇരുമ്പ് ഉരുക്ക് മെറ്റൽ ഉൽപ്പന്നങ്ങളുടെ നികുതി പരിഷ്ക്കരിക്കുന്നു :

61. പൊതു വിൽപ്പന നികുതി നിയമം 1-ാം ഷെഡ്യൂൾ 45-ാം എൻട്രിയിൽ പ്രതിപാദിക്കുന്ന ഇരുമ്പ്, ഉരുക്ക് സാധനങ്ങൾക്ക് ആറു ശതമാനവും 121-ാം എൻട്രിയിൽ വിവരിക്കുന്ന എല്ലാ മെറ്റാലിക് ഉൽപ്പന്നങ്ങൾക്കും എട്ടു ശതമാനവും ആണ് നികുതി നിരക്ക്. ഇരുമ്പും, ഉരുക്കും മറ്റു ലോഹങ്ങളും ഒരുമിച്ച് ചേർത്ത് നിർമ്മിച്ചിട്ടുള്ള ധാരാളം സാധനങ്ങളുണ്ട്. അത്തരം സാധനങ്ങളിൻമേൽ ഏതു നിരക്കിൽ നികുതി ചുമത്തണമെന്ന് വ്യക്തമല്ലാത്തതിനാൽ, അവയെ എൻട്രി 121-ൽ പരാമർശിക്കുന്ന മെറ്റാലിക് ഉത്പന്നങ്ങളായി പരിഗണിച്ച് എട്ടു ശതമാനം നികുതിക്കു വിധേയമാക്കുന്നതാണ്.

ലൂബ്രിക്കേറ്റിംഗ് ഓയിൽ, ബ്രേക്ക് ഫ്ളൂയിഡ് മുതലായവയ്ക്ക് നികുതി വർദ്ധന :

62. കേരള വിൽപ്പന നികുതി നിയമം 1-ാം ഷെഡ്യൂളിലെ 57-ാം എൻട്രി പ്രകാരം ലൂബ്രിക്കേറ്റിംഗ് ഓയിൽ, ബ്രേക്ക് ഫ്ളൂയിഡ്, ഗ്രീസ് മുതലായ ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ ഏഴു ശതമാനം നികുതിയാണ് ഉള്ളത്. ഇവയ്ക്ക് അന്യ സംസ്ഥാനങ്ങളിൽ കൂടിയ നിരക്കിൽ നികുതി ചുമത്തുന്ന സാഹചര്യത്തിൽ ഇവിടത്തെ നികുതിയും വർദ്ധിപ്പിക്കാമെന്നു ഗവൺമെൻറ് കരുതുന്നു. അതുകൊണ്ട് 57-ാം എൻട്രിയിൽപ്പെടുന്ന ഉൽപ്പന്നങ്ങളുടെ നികുതി ഇപ്പോഴത്തെ ഏഴു ശതമാനത്തിൽനിന്നും 10 ശതമാനമായി ഉയർത്തുന്നു.

ലോട്ടറി ടിക്കറ്റിൻമേൽ വിൽപ്പന നികുതി :

63. ലോട്ടറി ടിക്കറ്റിന്റെ വിൽപ്പനയ്ക്ക് കേരളത്തിൽ നികുതിയില്ല. എന്നാൽ 28-1-1984 മുതൽ തമിഴ്നാട്ടിലും 1-4-1984 മുതൽ പശ്ചിമ ബംഗാളിലും ഇതിനു നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ഈ വർഷം 19 സാധാരണ നറുക്കെടുപ്പുകളിലും മൂന്നു ബംബർ നറുക്കെടുപ്പുകളിലുമായി ഉദ്ദേശം ആറു കോടി ഭാഗ്യക്കുറി ടിക്കറ്റുകൾ വിറ്റഴിച്ചു. ഈ ഇനത്തിൽ ഉദ്ദേശം 12.5 കോടി രൂപയുടെ വിറ്റുവരവുണ്ടായി. കേരള ലോട്ടറിക്കു പുറമേ മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 55 ഭാഗ്യക്കുറികൾ നമ്മുടെ സംസ്ഥാനത്ത് ടിക്കറ്റ് വിൽപ്പന നടത്തുന്നുണ്ട്. ഇപ്രകാരം വിൽക്കപ്പെടുന്ന ടിക്കറ്റുകൾ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ പല മടങ്ങുവരും. ഏതാനും ചീഫ് ഏജൻറുമാരുടെ കീഴിൽ ഉദ്ദേശം 5000 പ്രാദേശിക ഏജൻറുമാർ അത്തരം ഭാഗ്യക്കുറികളിൽ ഇവിടെ പ്രവർത്തിക്കുന്നു. തമിഴ്നാടിന്റെയും പശ്ചിമ ബംഗാളിന്റെയും മാതൃകയിൽ കേരളത്തിലും ഭാഗ്യക്കുറി ടിക്കറ്റിൻമേൽ വിൽപ്പന നികുതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. അതിനാൽ കേരളാ പൊതു വിൽപ്പന നികുതി നിയമത്തിലെ 1-ാം ഷെഡ്യൂളിൽ ഒരു പുതിയ ഇനമായി ഭാഗ്യക്കുറി ടിക്കറ്റുകൂടി ഉൾപ്പെടുത്തുന്നതും അതിന്റെ വിൽപ്പനയിൽ

LIBRARY ARCHIVES Kerala Legislative Assembly

10 ശതമാനം നികുതി ചുമത്തുന്നതുമായിരിക്കും. ഇതിൽനിന്ന് അഞ്ചു കോടി രൂപയുടെ അധികവരുമാനം ലഭിക്കുന്നതാണ്.

ആദിവാസികൾ നിർമ്മിക്കുന്ന എലക്ട്രോണിക് വാച്ചുകൾക്ക് നികുതി ഇളവ് :

64. ആദിവാസി പെൺകുട്ടികൾക്ക് ജോലി നൽകുന്നതിനുവേണ്ടി കെൽട്രോൺ വയനാട്ടിൽ ഒരു എലക്ട്രോണിക് വാച്ച് ഫാക്ടറി സ്ഥാപിച്ചിട്ടുണ്ട്. വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതും വില കുറഞ്ഞതുമായ എലക്ട്രോണിക് വാച്ചുകളുടെ പ്രവാഹം നിമിത്തം കേരളത്തിൽ നിർമ്മിക്കുന്ന എലക്ട്രോണിക് വാച്ചുകൾ വിപണിയിൽ കടുത്ത മൽസരം നേരിടുകയാണ്. ഇതിനുംപുറമെ, കേരളാ പൊതു വിൽപ്പന നികുതി നിയമമനുസരിച്ച് വസൂലാക്കുന്ന 15 ശതമാനം നികുതിഭാരവും കൂടി ഈ വ്യവസായം വഹിക്കേണ്ടിവരുന്നു. അതിനാൽ ആദിവാസികൾക്ക് ജോലിനൽകുന്ന ഈ വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനും വിദേശ മൽസരത്തെ നേരിടുന്നതിനുംവേണ്ടി ഈ സ്ഥാപനത്തിൽ നിർമ്മിക്കുന്ന എലക്ട്രോണിക് വാച്ചുകളേയും ക്ലോക്കുകളേയും വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുന്നു.

മെഴുകുതിരിയെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുന്നു :

65. ഒരു കുടിൽവ്യവസായ ഉൽപ്പന്നമായ മെഴുകുതിരി ഇപ്പോൾ കേരള വിൽപ്പന നികുതി നിയമം 1-ാം ഷെഡ്യൂളിലെ 170-ാം എൻട്രി പ്രകാരം നാലുശതമാനം നികുതിക്കു വിധേയമാണ്. പല കുടിൽ വ്യവസായ ഉൽപ്പന്നങ്ങളും വിൽപ്പന നികുതിയിൽനിന്നും വിമുക്തമായിരിക്കുന്ന സാഹചര്യത്തിൽ വളരെപ്പേർക്ക് തൊഴിൽ നൽകുന്ന മെഴുകുതിരി നിർമ്മാണത്തെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കുന്നു.

അലോ സസ്യനാരുകളെ വിൽപ്പന നികുതിയിൽനിന്ന് ഒഴിവാക്കുന്നു :

66. വിൽപ്പനനികുതി നിയമത്തിലെ 1-ാം ഷെഡ്യൂൾ 44-ാം എൻട്രി പ്രകാരം വിൽപ്പന നികുതിയുടെ അവസാന ഘട്ടത്തിൽ അലോ നാര് ഇപ്പോൾ രണ്ട് ശതമാനം നികുതിക്കു വിധേയമാണ്. അലോ സസ്യനാര് നിർമ്മാണം തികച്ചും ഒരു കുടിൽ വ്യവസായമായതിനാൽ അസംസ്കൃത സാധനമെന്ന നിലയിൽ അതിനേയും വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കുന്നു.

ജൈവവളങ്ങൾക്ക് നികുതി ഇളവ് :

67. വിൽപ്പന നികുതി നിയമത്തിലെ 1-ാം ഷെഡ്യൂൾ 84 എ എൻട്രി പ്രകാരം ജൈവവളങ്ങൾക്ക് ഇപ്പോൾ നാലുശതമാനം നികുതിയുണ്ട്. രാസവളങ്ങൾക്ക് രണ്ടു ശതമാനം നികുതിയുള്ളപ്പോൾ ജൈവവളങ്ങൾക്ക് ഉയർന്ന നികുതി ചുമത്തുന്നതു ന്യായീകരിക്കാവുന്നതല്ല. അതിനാൽ ജൈവ വളങ്ങളുടെ നികുതി നിരക്ക് രാസവളങ്ങളുടേതുപോലെ രണ്ടു ശതമാനമായി കുറയ്ക്കുന്നു.

കീടനാശിനികൾക്കും രാസവസ്തുക്കൾക്കും നികുതിയിളവ് :

68. കീടനാശിനികൾ കൃഷിസംരക്ഷണ രാസവസ്തുക്കൾ എന്നിവയ്ക്ക് ഇപ്പോൾ കെ. ജി. എസ്. ടി. നിയമം 1-ാം ഷെഡ്യൂൾ 87-ാം എൻട്രി

LIBRARY ARCHIVES Kerala Legislative Assembly